# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733370


## വാർത്താക്കുറിപ്പ്

**2023 ഡിസംബർ 2**

---

## നെൽസൺ മണ്ടേല ചെയർ പ്രവർത്തനോദ്ഘാടനവും പ്രഫ.ബർണാഡ് ഹൈക്കലിൻറെ പ്രഭാഷണവും നാളെ

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് ആൻറ് പൊളിറ്റിക്സിൽ പ്രവർത്തിക്കുന്ന നെൽസൺ മണ്ടേല ചെയർ ഫോർ ആഫ്രോ ഏഷ്യൻ സ്റ്റഡീസിൻറെ 2023-24 വർഷത്തെ പ്രവർത്തനങ്ങൾക്കും പ്രഭാഷണ പരമ്പരയ്ക്കും നാളെ(നവംബർ 4) തുടക്കമാകും. വകുപ്പിൻറെ സെമിനാർ ഹാളിൽ രാവിലെ 11ന് ചേരുന്ന ചടങ്ങിൽ വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പ്രവർത്തനോദ്ഘാടനം നിർവഹിക്കും.

അമേരിക്കയിലെ പ്രിൻസ്റ്റൺ യൂണിവേഴ്സിറ്റിയിലെ അധ്യാപകൻ പ്രഫ.ബർണാഡ് ഹൈക്കലാണ് ഈ വർഷത്തെ നെൽസൺ മണ്ടേല ചെയർ പ്രൊഫസർ. നാളെ മുതൽ ആറാം തീയതി വരെയുള്ള ദിവസങ്ങളിൽ രാവിലെ 11ന് അദ്ദേഹം സർവകലാശാലയിൽ പ്രഭാഷണങ്ങൾ നടത്തും.

ഇസ്രയേൽ- ഫലസ്തീൻ സംഘർഷം; സമീപകാല പ്രതിസന്ധിയുടെ പശ്ചാത്തലത്തിലുള്ള വിശകലനം എന്നതാണ് ആദ്യ ദിവസത്തെ പ്രഭാഷണ വിഷയം. ഇസ്ലാമിസത്തിൻറെ വെല്ലുവിളികളും അറബ് ലോകത്തെ ഏകാധിപത്യത്തിൻറെ നിലനിൽപ്പും, പശ്ചിമേഷ്യയിലെ മേൽക്കോയ്മക്കായുള്ള ചൈന-അമേരിക്ക മത്സരം എന്നീ വിഷയങ്ങളിലാണ് വരും ദിവസങ്ങളിൽ അദ്ദേഹം സംസാരിക്കുക.

ഡിസംബർ ഏഴിന് രാവിലെ 10ന് എറണാകുളം മഹാരാജാസ് കോളജിൽ ആഫ്രിക്കയും പശ്ചിമേഷ്യയും ദക്ഷിണേഷ്യയുമായുള്ള അമേരിക്കയുടെ ബന്ധത്തിലെ പ്രശ്നങ്ങളെക്കുറിച്ച് പ്രൊഫ. ഹൈക്കൽ പ്രഭാഷണം നടത്തുമെന്ന് നെൽസൺ മണ്ടേല ചെയർ കോർഡിനേറ്റർ ഡോ. എം.വി. ബിജുലാൽ അറിയിച്ചു.

ഡിസംബർ നാലു മുതൽ ആറുവരെ തീയതികളിൽ ഉച്ചകഴിഞ്ഞ് 2.30 മുതൽ സ്കൂൾ ഓഫ് ഇൻറർനാഷണൽ റിലേഷൻസ് സെമിനാർ ഹാളിൽ അദ്ദേഹം ഗവേഷകരും വിദ്യാർഥികളുമായി സംവദിക്കും.

(പി.ആർ.ഒ/39/1414/2023)

## കേക്ക് ക്രാഫ്റ്റിംഗിൽ പരിശീലനം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ്(ഡി.എ.എസ്.പി) കേക്ക് നിർമാണത്തിൽ വിദദ്ധ പരിശീലനം നൽകുന്നു. ആറു ദിവസത്തെ മാസ്റ്റർ ദി ഓഫ് ആർട്ട് ഓഫ് കേക്ക് ക്രാഫ്റ്റിംഗ് പ്രോഗ്രാമിന് വിദഗ്ധ ഷെഫുമാർ നേതൃത്വം നൽകും. പ്രായപരിധിയില്ല. ഫോൺ: 8078786798, 0481-2733292.

(പി.ആർ.ഒ/39/1415/2023)

## പരീക്ഷകൾക്ക് അപേക്ഷിക്കാം

മൂന്നും നാലും സെമസ്റ്ററുകൾ എം.എ, എം.എസ്.സി, എം.കോം പ്രൈവറ്റ് രജിസ്ട്രേഷൻ(2016,2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് ഡിസംബർ 18 മുതൽ 20 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഡിസംബർ 21ന് പിഴയോടു കൂടിയും ഡിസംബർ 22ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

................................

ജനുവരി മൂന്നിന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ എം.സി.എ(2022 അഡ്മിഷൻ റഗുലർ, 2020,2021 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകൾക്ക് ഡിസംബർ 13 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഡിസംബർ 14ന് പിഴയോടു കൂടിയും ഡിസംബർ 15ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

ലാബ് പരീക്ഷ വീണ്ടും എഴുതേണ്ട വിദ്യാർഥികൾ പ്രസ്തുത പേപ്പറിനുള്ള ഫീസ് അടച്ച് രജിസ്റ്റർ ചെയ്യണം

................................

ഡിസംബർ 13ന് ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ ബി.വോക്(2022 അഡ്മിഷൻ റഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2018,2019,2020,2021 അഡ്മിഷനുകൾ റീഅപ്പിയറൻസ് - പുതിയ സ്കീം) പരീക്ഷകൾക്ക് ഡിസംബർ ഏഴു വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഡിസംബർ എട്ടിന് പിഴയോടു കൂടിയും ഡിസംബർ 11 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ

.....................

ജനുവരി ഒന്നിന് ആരംഭിക്കുന്ന ഏഴാം സെമസ്റ്റർ ബി.പി.ഇ.എസ്(2020 അഡ്മിഷൻ റഗുലർ, 2016,2017,2018,2019 അഡ്മിഷനുകൾ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് ഡിസംബർ 14 വരെ ഫീസ് അടച്ച് അപേക്ഷിക്കാം.

ഡിസംബർ 15ന് പിഴയോടു കൂടിയും ഡിസംബർ 16ന് സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ

(പി.ആർ.ഒ/39/1416/2023)

## **പ്രാക്ടിക്കൽ**

അഞ്ചാം സെമസ്റ്റർ ബി.വോക് പ്രിൻറിംഗ് ടെക്നോളജി(2021 അഡ്മിഷൻ റഗുലർ, 2018 മുതൽ 2020 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് - ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഡിസംബർ അഞ്ചു മുതൽ നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ..

(പി.ആർ.ഒ/39/1417/2023)

## **പരീക്ഷാ ഫലം**

ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.വോക് കോഴ്സിൻറെ വിവിധ പ്രോഗ്രാമുകളുടെ(2021 അഡ്മിഷൻ റഗുലർ - പുതിയ സ്കീം) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കുമുള്ള അപേക്ഷകൾ നിശ്ചിത ഫീസ് അടച്ച് ഡിസംബർ 16 വരെ ഓൺലൈനിൽ സമർപ്പിക്കാം.

..................................

സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻറ് ടെക്നോളജി ഒക്ടോബറിൽ നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി ഫുഡ് സയൻസ് ആൻറ് ടെക്നോളജി(202123 ബാച്ച്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1418/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**